**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 317** **15-07-2022 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി ലൈഫ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വടക്കാഞ്ചേരി ലൈഫ് പദ്ധതി സംബന്ധിച്ച് മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി ഉൾപ്പെടെയുള്ളവർക്കെതിരെ ആരോപിക്കപ്പെട്ട ക്രമക്കേടുകളെപ്പറ്റി വിജിലൻസ് അന്വേഷണം നടത്തിയിരുന്നോ; പ്രസ്തുത അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അന്വേഷണ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | വടക്കാഞ്ചേരി ലൈഫ് മിഷൻ പദ്ധതിയിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പൂജപ്പുര സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് കേസിന്റെ അന്വേഷണം ഊർജ്ജിതമായി നടന്ന് വരുന്നുണ്ട്. |
| (ബി) | ഇല്ലെങ്കിൽ അന്വേഷണം പൂർത്തീകരിക്കുന്നതിലുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | വടക്കാഞ്ചേരി ലൈഫ് മിഷൻ പദ്ധതിയിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പൂജപ്പുര സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് കേസിന്റെ അന്വേഷണം ഊർജ്ജിതമായി നടന്ന് വരുന്നുണ്ട്. |
| (സി) | പ്രളയ ദുരിതബാധിതരായ ജനങ്ങളുടെ പേരിൽ സമാഹരിച്ച പണം തട്ടിയെടുത്തതായി കണ്ടെത്തിയിട്ടുണ്ടെങ്കിൽ കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | കോട്ടയം ജില്ലയിൽ വൈക്കം സ്വദേശിയായ ശ്രീ.മനോജ് എന്നയാൾ മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസ നിധിയിൽ നിന്നും അനധികൃതമായി ആനുകൂല്യം നേടിയെന്ന ആരോപണത്തിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പ്രാഥമികാന്വേഷണം നടത്തി വരുന്നുണ്ട്.<br><br>പ്രളയ ദുരിതബാധിതരുടെ പേരിൽ സമാഹരിച്ച പണം തട്ടിയെടുത്തതായി ആരോപിക്കപ്പെട്ട എറണാകുളം കളക്ടറേറ്റിലെ ക്ലാർക്കിനെതിരെ തൃക്കാക്കര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടിയാനെതിരെ, അനധികൃത സ്വത്ത് സമ്പാദനത്തിന്, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ എറണാകുളം സ്പെഷ്യൽ സെല്ലിൽ ഒരു വിജിലൻസ് അന്വേഷണം നടന്നുവരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | കോഴിക്കോട് താലൂക്ക് ഓഫീസിൽ 2018 ലെ പ്രളയ ദിരിതാശ്വാസ ഫണ്ട് വിതരണം ചെയ്യുന്നതിൽ ക്രമക്കേട് കണ്ടെത്തിയതിനെതുടർന്ന് SDRF, CMDRF ശീർഷകങ്ങളിൽ നിന്നായി ധനസഹായ വിതരണം നടത്തുന്നതിൽ ബന്ധപ്പെട്ട സെക്ഷന്റെ ചുമതലയുണ്ടായിരുന്ന ജൂനിയർ സൂപ്രണ്ടിനെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്ത് തുടരന്വേഷണം നടന്നുവരുന്നുണ്ട്.<br><br>അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ